പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1653 18/06/2012 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യസമ്പത്തിന്റെ പരിപോഷണം

ചോദ്യം

മറുപടി

ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി:

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) ഉൾനാടൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് 'മത്സ്യസമൃദ്ധി'. മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ടണ്ണായി വർദ്ധിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ നിലവിൽ ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

മത്സ്യകർഷക വികസന ഏജൻസി മുഖേന ഉൾനാടൻ മത്സ്യകൃഷി കൂടാതെ എല്ലാ ജില്ലകളിലേയും പൊതു ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്തു നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നു. ഊന്നിവല, ചീനവല നിയന്ത്രണം,

ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയി ലൂടെ മത്സ്യസമ്പത്തിന്റെ ക്രമാതീത മായ ചൂഷണം നിയന്ത്രിച്ചു വരുന്നു. കണ്ടൽ വനവൽക്കരണത്തിലൂടെയും ഉൾനാടൻ മത്സ്യസമ്പത്തു വർദ്ധിപ്പി ക്കുന്നു. അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കു ശേഷം മത്സ്യകൃഷി നടത്തുന്നു. ഒരു നെല്ലും ഒരുമീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റു കൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. NFDB ധനസഹായ ത്തോടെ മത്സ്യ/ആറ്റുകൊഞ്ചു കൃഷി തെരഞ്ഞെടുത്ത റിസർവോയറുകളിൽ നടപ്പാക്കി വരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റു കൊഞ്ച്, കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നു.

പതിമൂന്നാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടുകൂടിയുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൂടുകളിലെ മത്സ്യകൃഷി, Pen culture, സാങ്ചറി കൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായ ങ്ങൾ വഴി മത്സ്യകൃഷിയും, മത്സ്യ

| | | |
|---|---|---|
| | | സമ്പത്തും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതിയും നടപ്പാക്കിയിരുന്നു. |
| (ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) | 1. ഭവന നിർമ്മാണത്തിന് ധന സഹായം 50,000/- രൂപ 100% ഗ്രാന്റായി നൽകുന്നു. ഇത് 2 ലക്ഷം രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2. സമ്പാദ്യ സമാശ്വാസം 600 രൂപ മത്സ്യത്തൊഴിലാളി അടയ്ക്കുമ്പോൾ സർക്കാർ വിഹിതമായ 1200/- രൂപയും ചേർന്ന് 1800/- രൂപ തിരികെ നൽകുന്നു.<br>3. വിദ്യാഭ്യാസാനുകൂല്യം (സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെ).<br>4. അപകട മരണത്തിന് 3 ലക്ഷം രൂപ ഇൻഷ്വറൻസ് സഹായം ഇതിനാവശ്യമായ പ്രീമിയം സർക്കാർ ബജറ്റിൽ വകയിരുത്തി നൽകുന്നു.<br>5. വാർദ്ധക്യകാല പെൻഷൻ/ വിധവാ പെൻഷൻ.<br>6. ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ |

സഹകരണ സംഘങ്ങളിലെ അംഗ ങ്ങൾക്ക് മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധ നോപകരണങ്ങൾക്കുള്ള വായ്പ, സ്വയം തൊഴിൽ വായ്പ, മത്സ്യ ത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ, സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ ഫൈനാൻസ് വായ്പ മുതലായ പദ്ധതി ആനുകൂല്യ ങ്ങൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ